**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2464** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഇല്ലാത്ത എത്ര ഗ്രാമ പഞ്ചായത്തുകൾ നിലവിലുണ്ട്; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് 76 ഗ്രാമ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ല.<br><br>അസിസ്റ്റന്റ് സെക്രട്ടറി നിലവിലില്ലാത്ത ഗ്രാമ പഞ്ചായത്തുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ചുമതലകളും പ്രവർത്തനങ്ങളും ആരാണ് നിലവിൽ നിർവ്വഹിച്ചു പോരുന്നത്; | (ബി) | അസിസ്റ്റന്റ് സെക്രട്ടറി നിലവിലില്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് ആണ് പ്രസ്തുത ചുമതലകളും പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നത്. |
| (സി) | അസിസ്റ്റന്റ് സെക്രട്ടറിമാരുടെ സേവനം ലഭിക്കാതെ പോകുന്നത് പ്രസ്തുത പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ എപ്രകാരമാണ് ബാധിക്കുന്നതെന്ന കാര്യം വ്യക്തമാക്കാമോ; | (സി) | അസിസ്റ്റന്റ് സെക്രട്ടറി ഇല്ലാത്തത് ഗ്രാമപഞ്ചായത്തുകളുടെ ഭരണ നിർവ്വഹണ പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലുള്ള ഗ്രാമപഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണവും, ഭരണപരമായ കാര്യനിർവ്വഹണവും, മറ്റ് പൊതുസേവനങ്ങൾ നൽകുന്നതിലും അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ മികച്ചതാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത തസ്തിക ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ ആയത് സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട ഫയൽ സർക്കാർ പരിഗണനയിൽ ഉണ്ടോ; അതിന്റെ വിശദാംശം അറിയിക്കാമോ; | (ഡി) | ഉണ്ട്. അസിസ്റ്റന്റ് സെക്രട്ടറി തസ്തിക സൃഷ്ടിക്കുന്നത് വഴി ശമ്പളയിനത്തിൽ പഞ്ചായത്തുകൾക്കുണ്ടാകുന്ന അധികബാധ്യത ഒഴിവാക്കുന്നതിന് Mahathma Gandhi NREGS Delay payment rules ൽ first signatory ആയി നിശ്ചയിക്കപ്പെട്ട അസിസ്റ്റന്റ് സെക്രട്ടറി തസ്തികയുടെ സാമ്പത്തിക ബാധ്യത ടി പദ്ധതിയുടെ 6% ഭരണ ചെലവിൽ നിന്ന് വകയിരുത്തുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് ഗ്രാമ പഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ ചുമതല വഹിക്കുന്നതോടൊപ്പം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ചുമതലകൾ കൂടി അസിസ്റ്റന്റ് സെക്രട്ടറിമാർ നിർവ്വഹിച്ച് വരുന്നുണ്ടെന്നും പൂർണ്ണമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്ന ജീവനക്കാർക്കാണ് പദ്ധതി ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് ശമ്പളം നൽകി വരുന്നതെന്നും കൂടാതെ, സ്ഥിരം ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവിൽ നിന്നും വഹിക്കുന്നതിന് എതിരെ നിലവിൽ കേന്ദ്ര സർക്കാർ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശമുള്ളതും ഇത്തരത്തിൽ വേതനം നൽകുന്നത് പദ്ധതിയുടെ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമാണ് എന്ന് അറിയിച്ചിട്ടുള്ളതും ആണെന്നും മിഷൻ ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് മേൽ വിഷയത്തിന്മേൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ഇ) | ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ കൂടി അസിസ്റ്റന്റ് സെക്രട്ടറിമാരുടെ തസ്തികകൾ അനുവദിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഇ) | ഉണ്ട്. അസിസ്റ്റന്റ് സെക്രട്ടറി തസ്തിക സൃഷ്ടിക്കുന്നത് വഴി ശമ്പളയിനത്തിൽ പഞ്ചായത്തുകൾക്കുണ്ടാകുന്ന അധികബാധ്യത ഒഴിവാക്കുന്നതിന് Mahathma Gandhi NREGS Delay payment rules ൽ first signatory ആയി നിശ്ചയിക്കപ്പെട്ട അസിസ്റ്റന്റ് സെക്രട്ടറി തസ്തികയുടെ സാമ്പത്തിക ബാധ്യത ടി പദ്ധതിയുടെ 6% ഭരണ ചെലവിൽ നിന്ന് വകയിരുത്തുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചിരുന്നു.<br><br>സംസ്ഥാനത്ത് ഗ്രാമ പഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ ചുമതല വഹിക്കുന്നതോടൊപ്പം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ചുമതലകൾ കൂടി അസിസ്റ്റന്റ് സെക്രട്ടറിമാർ നിർവ്വഹിച്ച് വരുന്നുണ്ടെന്നും പൂർണ്ണമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്ന ജീവനക്കാർക്കാണ് പദ്ധതി ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് ശമ്പളം നൽകി വരുന്നതെന്നും കൂടാതെ, സ്ഥിരം ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവിൽ നിന്നും വഹിക്കുന്നതിന് എതിരെ നിലവിൽ കേന്ദ്ര സർക്കാർ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശമുള്ളതും ഇത്തരത്തിൽ വേതനം നൽകുന്നത് പദ്ധതിയുടെ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമാണ് എന്ന് അറിയിച്ചിട്ടുള്ളതും ആണെന്നും മിഷൻ ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് മേൽ |

| | | | |
|---|---|---|---|
| | | | വിഷയത്തിന്മേൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

| Sl. No. | Name of Grama Panchayat | District |
|---|---|---|
| 1 | Amboori | Trivandrum |
| 2 | Kallikkadu | Trivandrum |
| 3 | Kanjiramkulam | Trivandrum |
| 4 | Kilimanoor | Trivandrum |
| 5 | Kuttichal | Trivandrum |
| 6 | Madavoor | Trivandrum |
| 7 | Ottasekharamangalam | Trivandrum |
| 8 | Panavoor | Trivandrum |
| 9 | Poovar | Trivandrum |
| 10 | Thirupuram | Trivandrum |
| 11 | Mandrothuruthu | Kollam |
| 12 | Pattazhi vadakkekara | Kollam |
| 13 | Perayam | Kollam |
| 14 | Anikkad | Pathanamthitta |
| 15 | Nedumbram | Pathanamthitta |
| 16 | Ranni Angadi | Pathanamthitta |
| 17 | Thumpamon | Pathanamthitta |
| 18 | Kadakarappally | Alappuzha |
| 19 | Muthukulam | Alappuzha |
| 20 | Muttar | Alappuzha |
| 21 | Pandanad | Alappuzha |
| 22 | Perumbalam | Alappuzha |
| 23 | Thakazhy | Alappuzha |
| 24 | Veeyapuram | Alappuzha |
| 25 | Veliyanad | Alappuzha |
| 26 | Kozhuvanal | Kottayam |
| 27 | Meenadom | Kottayam |
| 28 | Melukavu | Kottayam |
| 29 | Moonnilavu | Kottayam |
| 30 | Poonjar | Kottayam |
| 31 | T.V. Puram | Kottayam |
| 32 | Teekoy | Kottayam |
| 33 | Thalanadu | Kottayam |
| 34 | Thalappalam | Kottayam |
| 35 | Thalayazham | Kottayam |
| 36 | Veliyannoor | Kottayam |

| | | |
|---|---|---|
| 37 | Alakkod | Idukki |
| 38 | Ayyappankovil | Idukki |
| 39 | Bysonvali | Idukki |
| 40 | Edavetty | Idukki |
| 41 | Erattayar | Idukki |
| 42 | Kanthalloor | Idukki |
| 43 | Karimkunnam | Idukki |
| 44 | Kodikulam | Idukki |
| 45 | Kokkayar | Idukki |
| 46 | Kudayathoor | Idukki |
| 47 | Kumaramangalam | Idukki |
| 48 | Manakkadu | Idukki |
| 49 | Mankulam | Idukki |
| 50 | Mariyapuram | Idukki |
| 51 | Muttom | Idukki |
| 52 | Purappuzha | Idukki |
| 53 | Velliyamattom | Idukki |
| 54 | Ayyampuzha | Ernakulam |
| 55 | Varapetty | Ernakulam |
| 56 | Kuzhupilly | Ernakulam |
| 57 | Edakkattuvayal | Ernakulam |
| 58 | Orumanayur | Thrissur |
| 59 | Vallachira | Thrissur |
| 60 | Poomangalam | Thrissur |
| 61 | Elavancheri | Palakkad |
| 62 | Eruthenpathi | Palakkad |
| 63 | Pattanchery | Palakkad |
| 64 | Puthucode | Palakkad |
| 65 | Polpully | Palakkad |
| 66 | Vellinezhi | Palakkad |
| 67 | Malampuzha | Palakkad |
| 68 | Tuvvur | Malappuram |
| 69 | Thennala | Malappuram |
| 70 | Perumannaklari | Malappuram |
| 71 | Koothali | Kozhikode |
| 72 | Vengappally | Wayanad |
| 73 | Thariyode | Wayanad |
| 74 | Belloor | Kasargode |

| | | |
|---|---|---|
| 75 | Kumbadaje | Kasargode |
| 76 | Valiyaparamba | Kasargode |